DESPATCHED
10/06/2020

17/03/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.134(2)/2018/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.656/എസ്.ഐ.സി–ജി 6/18

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.പി.ജെ.ചാക്കോ
കൊച്ചു പുളിയ്ക്കൽ വീട്
ഏറ്റുമാനൂർ
കോട്ടയം
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
O/o ദി അസിസ്റ്റന്റ് എഞ്ചിനീയർ
ഇലട്രിക്കൽ സബ് ഡിവിഷൻ,
കെ.എസ്.ഇ.ബി ഇലട്രിക്കൽ സെക്ഷൻ
ഏറ്റുമാനൂർ കോട്ടയം–686 631
2. അപ്പീൽ അധികാരി ആന്റ്
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലട്രിക്കൽ സബ് ഡിവിഷൻ,
കെ.എസ്.ഇ.ബി ഇലട്രിക്കൽ സെക്ഷൻ
ഏറ്റുമാനൂർ കോട്ടയം–686 631
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.10.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.11.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 02.12.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 26.12.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 09.01.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.01.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.02.2018, 04.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15.03.2018, 21.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ആയതിനും മറുപടി തൃപ്തികരമല്ലെന്നും, അപ്പീൽ അധികാരിയുടെ മേൽവിലാസം രേഖപ്പെടുത്തിയിരുന്നില്ലെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 28.10.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 13.08.2017 ന് വടക്കെനട റസിഡന്റ് അസോസിയേഷൻ ഹാളിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ വന്ന് സൗജന്യമായി സി.എഫ് ലാമ്പ് വിതരണം ചെയ്യുന്നുവെന്നറിഞ്ഞ് 08.08.2017 ന് അന്ന് ടി സ്ഥലത്ത് വരാൻ സാധിക്കാത്തതിനാൽ തരാൻ സാധിക്കുമോ എന്നന്വേഷിച്ചതിൽ തരില്ലെന്നു പറഞ്ഞുവെന്നും, 13.08.2017 ന് ടി റസിഡൻസ് അസോസിയേഷൻ ആസ്ഥാനത്ത് ശർമ്മാസ് കോളേജിൽ അവിടെ ചെന്നയാളുകൾക്ക് 2 വീതം സി.എഫ് ലാമ്പ് നൽകിയെന്നറിയുന്നുവെന്നും, ഇത് സംബന്ധിച്ചുള്ള കെ.എസ്.ഇ.ബി.യുടെ ഓർഡറിന്റെ പകർപ്പ് നൽകാമോ എന്നും റെസിഡൻസ് അസോസിയേഷനിൽ അംഗമല്ലാതെയുള്ള കെ.എസ്. ഇ.ബി ഉപയോക്താക്കൾക്കും, ടി ശർമ്മാസ് കോളേജിൽ വരാത്തവർക്കും കൊടുക്കേണ്ട എന്ന മാനദണ്ഡം എന്താണെന്നുമാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 27.11.2017 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 02.12.2017 ൽ അപ്പീൽ അപേക്ഷ നൽകുകയും, ആയതിന് അപ്പീലധികാരി 26.12.2017ൽ നൽകിയ ഉത്തരവിൽ നിർദ്ദിഷ്ട ഫീസ് ഈടാക്കി ടി ഡോക്കുമെന്റിന്റെ പകർപ്പ് വെബ്സൈറ്റിൽ നിന്നും പ്രിന്റ് എടുത്ത് നൽകണമെന്ന് എസ്.പി.ഐ.ഒ യോട് നിർദ്ദേശിച്ചു.

4. 15.03.2018 നും, 21.11.2019 നും കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയെത്തുടർന്ന് അപ്പീൽ തീർപ്പാക്കുന്നതിന് ഹിയറിംഗിന് വിളിച്ചുവെങ്കിലും, ടിയാൻ പങ്കെടുക്കുന്നില്ലെന്നറിയിക്കുകയും, എസ്.പി.ഐ.ഒ ഹിയറിംഗിൽ പങ്കെടുക്കുകയും, 26.12.2017 ൽ അപ്പീൽ തീർപ്പാക്കി ഉത്തരവ് പരാതിക്കാരന് അയച്ചുകൊടുത്തിട്ടുണ്ടെന്നുമാണ്. സി.എഫ്.എൽ വിതരണം റസിഡൻസ് അസോസിയേഷൻ യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നുവെന്ന ഒരു ഓർഡർ ഇല്ലെന്നും, കെ.എസ്.ഇ.ബി ഏറ്റുമാനൂർ സബ്ഡിവിഷൻ ഡിമാൻഡ് സൈസ് മാനേജ്മെന്റ് സെൽ നടത്തിയ എനർജി കൺസർവേഷനും

വൈദ്യുതി സുരക്ഷയും എന്ന ബോധവത്ക്കരണ ക്ലാസ്സിൽ പങ്കെടുത്ത ‌80 പേർക്ക് സി. എഫ്.എൽ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ഓർഡർ ആണ് അപേക്ഷകന് നൽകി യിട്ടുള്ളതെന്നും ഒന്നാം അപ്പീൽ തീർപ്പാക്കിയതിനു ശേഷം ടി ആവശ്യത്തിന് നാളിതു വരെ ടി ഓഫീസുമായി ബന്ധപ്പെട്ടില്ല എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരൻ വിവരാവ കാശ അപേക്ഷയിൽ ആവശ്യപ്പെട്ടവയ്ക്ക് മറുപടി നൽകിയതായി കാണുന്നുവെങ്കിലും ഒന്നാം അപ്പീൽ അധികാരിയുടെയും രണ്ടാം അപ്പീൽ അധികാരിയുടെയും മേൽവി ലാസം നൽകിയതായി കാണുന്നില്ലെന്നു വീക്ഷിച്ച കമ്മീഷൻ ആയതിന് വിശദീകരണം നൽകണമെന്നു ഹിയറിംഗിൽ നിർദ്ദേശിക്കുകയും, മേൽ നിർദ്ദേശത്തോടെ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res